# പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: * 526 26/10/2016-ൽ മറുപടിക്ക്

## കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്

ചോദ്യം

ശ്രീ.ടി.വി.ഇബ്രാഹിം

ശ്രീ.പി.കെ.അബ്ദു റബ്ബ്

ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി

ശ്രീ.അബ്ദുൽ ഹമീദ്.പി.

മറുപടി

ശ്രീ.ടി.പി.രാമകൃഷ്ണൻ
(തൊഴിലും എക്സൈസും
വകുപ്പ് മന്ത്രി)

| ചോദ്യം | | മറുപടി |
|---|---|---|
| (എ) | 1989-ലെ കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ആക്ട് പ്രകാരം രൂപീകൃതമായ ബോർഡിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ, എങ്കിൽ വിശദമാക്കുമോ; | ഉണ്ട്, 1989 ലെ കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി നിയമ പ്രകാരം 1989 മെയ് 4-ാം തീയതി മുതൽ നിലവിൽ വന്ന കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഭരണച്ചുമതല വഹിക്കുന്നത് നിയമത്തിലെ 6-ാം വകുപ്പു പ്രകാരം രൂപീകരിക്കപ്പെട്ട അഞ്ച് വീതം തൊഴിലാളി, തൊഴിലുടമ, സർക്കാർ പ്രതിനിധികൾ അടങ്ങിയ ബോർഡ് ആണ്.<br>ബോർഡിന്റെ വരുമാനത്തിന്റെ 85% ത്തോളം വരുന്ന വ്യാപാരി അംശദായം പിരിക്കുന്നത് ബഹു. ഹൈക്കോടതി 22.02.2002-ൽ റദ്ദാക്കിയതിനെത്തുടർന്ന് ബോർഡ് സാമ്പത്തിക പ്രതിസന്ധിയിലാണ്. 2002-ലെ കോടതിവിധി മറികടക്കുന്നതിനായി, 2006-ൽ കേരള<br>......2 |

കൈത്തറി തൊഴിലാളി ക്ഷേമ സെസ്സ് ഓർഡിനൻസും, 2007-ൽ കേരള കൈത്തറി തൊഴിലാളി ക്ഷേമ സെസ്സ് നിയമവും, 2008-ൽ കേരള കൈത്തറി തൊഴിലാളി ക്ഷേമ സെസ്സ് പദ്ധതിയും നിലവിൽ വന്നു. ഈ നിയമ പ്രകാരം 5 ലക്ഷം രൂപയിൽ കൂടുതൽ വാർഷിക വിറ്റുവരവുള്ള സംസ്ഥാനത്തെ വസ്ത്ര-നൂൽ ഉല്പാദകർ, സംഭരണം നടത്തുന്നവരും വിൽക്കുന്നതും, കയറ്റുമതി ചെയ്യുന്നതുമായ സ്ഥാപനങ്ങൾ എന്നിവർ അവരുടെ വാർഷിക വിറ്റുവരവിന്റെ 0.25% സെസ്സ് നൽകാൻ ബാദ്ധ്യസ്ഥരാണ്. ഇതിനായി ജില്ല ലേബർ ഓഫീസർമാരെ അസസ്സിങ്ങ് ഓഫീസർമാരായി നിയമിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും സെസ്സ് പിരിവിനെതിരെ വ്യാപാരികൾ ബഹു.ഹൈക്കോടതിയെ സമീപിച്ചതിനാൽ സെസ്സ് പിരിച്ചെടുക്കാനുള്ള നടപടിക്രമങ്ങൾ നിലച്ചിരിക്കുകയാണ്.

പരമ്പരാഗത മേഖലയിലെ ഏറ്റവും പിന്നോക്കം നിൽക്കുന്ന വ്യവസായമായ കൈത്തറി മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ആനുകൂല്യങ്ങളും, പെൻഷനും നൽകിവരുന്നു. ഓണത്തോടനുബന്ധിച്ച് സർക്കാർ ലഭ്യമാക്കിയ ഫണ്ട് ഉപയോഗിച്ച് പരമാവധി പെൻഷൻകാർക്കും ഓണത്തിനുമുമ്പു തന്നെ പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്.

......3

| | | |
|---|---|---|
| | | ക്ഷേമനിധി ആനുകൂല്യങ്ങൾക്ക് പുറമെ സ്വയം തൊഴിൽ വിഭാഗത്തിൽപ്പെടുന്ന കൈത്തറി തൊഴിലാളികൾക്ക് ഇൻകം സപ്പോർട്ട് സ്കീം പ്രകാരമുള്ള ആനുകൂല്യവും ബോർഡ് വഴി നൽകിയിട്ടുണ്ട്. ആനുകൂല്യങ്ങൾ യഥാസമയം നൽകുന്നതിനെയോ, തൊഴിലാളി ക്ഷേമവുമായി ബന്ധപ്പെട്ട ബോർഡിന്റെ പ്രവർത്തനത്തെയോ ബാധിക്കാതെ, കുറ്റമറ്റ രീതിയിൽ ബോർഡ് പ്രവർത്തിച്ചു വരുന്നു. |
| (ബി) | തൊഴിലാളികളിൽ നിന്നും അംശദായമിനത്തിൽ പ്രതിവർഷം ലഭിക്കുന്ന ശരാശരി തുക എത്രയാണെന്ന് വ്യക്തമാക്കുമോ; | അംശദായ ഇനത്തിൽ ബോർഡിന് പ്രതിവർഷം 14 ലക്ഷം രൂപയോളം ശരാശരി ലഭിക്കുന്നുണ്ട്. |
| (സി) | തൊഴിലാളികൾക്കുള്ള ആനുകൂല്യവിതരണക്കാര്യത്തിൽ കുടിശ്ശികയുണ്ടായിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിശദവിവരം നൽകുമോ? | 2015 ആഗസ്ത് മാസം മുതലുള്ള പെൻഷൻ കുടിശ്ശികയായിരുന്നു. അത് കുടിശ്ശിക തീർത്ത് 2016 ഒക്ടോബർ മാസം വരെയുള്ള പെൻഷൻ ഓണത്തോടനുബന്ധിച്ച് സർക്കാർ അനുവദിച്ചു നൽകിയ ഫണ്ട് ഉപയോഗിച്ച് വിതരണം ചെയ്തു കഴിഞ്ഞിട്ടുണ്ട്. വിവാഹ ധനസഹായം, എക്സ്ഗ്രേഷ്യ ധനസഹായം, ആശ്രിത ധനസഹായം, പ്രസവാനുകൂല്യം എന്നീ ക്ഷേമനിധി ആനുകൂല്യങ്ങൾ നൽകുന്നതിലും നിലവിൽ കുടിശ്ശികയില്ല. അപേക്ഷ ലഭ്യമാകുന്ന മുറയ്ക്ക് തന്നെ ഇവ അനുവദിച്ചു നൽകുന്നുണ്ട്. ജൂൺ, ജൂലായ്, ആഗസ്ത് മാസങ്ങളിലായി ലഭിച്ച 2016-17 വർഷത്തെ വിദ്യാഭ്യാസ ധനസഹായ അപേക്ഷകളിന്മേലുള്ള ധനസഹായ വിതരണവും ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ